"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 65 തസ്തികകൾ സൃഷ്ടിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.30/2025/TAXES തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- 1. എക്സൈസ് കമ്മീഷണറുടെ 24.11.2022- ലെ ഇ.എക്സ്.സി/5208/2022-എക്സ്.ഡി 1 നമ്പർ കത്ത്.

**ഉത്തരവ്**

എക്സൈസ് വകുപ്പിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കൂടാതെ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16.04.25- ൽ അവസാനിക്കുകയാണെന്നും ടി ലിസ്റ്റിൽ നിന്നും നാമമാത്ര നിയമനങ്ങൾ ആണ് നടന്നത് എന്നും ആയതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് റാങ്ക് ഹോൾഡേഴ്സ് നിരവധി അപേക്ഷകൾ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും നിലവിൽ അഡ്വൈസ് നൽകിയിട്ടുള്ള തസ്തികകൾ ഉൾപ്പടെ ഓരോ ജില്ലയിലും ഇതുവരെ നടന്നിട്ടുള്ള നിയമനം ഏഴിൽ താഴെ ആണെങ്കിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി 7 നിയമനങ്ങൾ നടത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. നിലവിലുള്ള വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഓരോ ജില്ലയിലും പരമാവധി 7 നിയമനങ്ങൾ വീതം നടത്തുന്നതിനായി ചുവടെപ്പറയും പ്രകാരം എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസറുടെ 65 തസ്തികകൾ സൃഷ്ടിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | സൃഷ്ടിക്കുന്ന തസ്തികകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 5 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 7 |
| 4 | ആലപ്പുഴ | 4 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 4 |
| 9 | പാലക്കാട് | 5 |
| 10 | മലപ്പുറം | 4 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 5 |
| 13 | കണ്ണൂർ | 7 |

| | | |
|---|---|---|
| 14 | കാസർഗോഡ് | 4 |
| | ആകെ | 65 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് - ഇ.ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം.2826 തീയതി,26.03.2025 )
4. ധനകാര്യ വകുപ്പ് (വ്യയം -ബി1/572/2023-ധനം തീയതി 17.03.2025 പ്രകാരം)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി
6. വെബ് &ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 28-03-2025 10:32:35

പകർപ്പ്

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. എക്സൈസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-03-2025

ഫയൽ നം. എഫ്1/324/2022/നി.വ.

ഇനം നം: 2826

വിഷയം : നികുതി വകുപ്പ് - എക്സൈസ് - കൂടുതൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

2826

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.എഫ്1/324/2022/നി.വ. |
| 2. | വകുപ്പ് | : | നികുതി (എഫ്) വകുപ്പ്. |
| 3 | വിഷയം | : | എക്സൈസ് വകുപ്പ് - കൂടുതൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/03/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക്. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.03.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.03.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.03.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.03.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

എക്സൈസ് വകുപ്പിൽ കൂടുതൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് ഈ കുറിപ്പിലെ വിഷയം.

2. എക്സൈസ് വകുപ്പിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ അംഗസംഖ്യ നിലവിലുള്ള സിവിൽ എക്സൈസ് ഓഫീസർമാരുടെ അംഗസംഖ്യയുടെ 33% ആയി വർദ്ധിപ്പിക്കുന്നതിന് കേരള സംസ്ഥാന വനിതാ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3. ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം, വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ല എന്നും ആകെ തസ്തികകളുടെ എണ്ണം വർദ്ധിപ്പിയ്ക്കാതെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

4. ഇതേ സമയം, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16.04.25 ൽ അവസാനിക്കുകയാണെന്നും ടി ലിസ്റ്റിൽ നിന്നും നാമമാത്ര നിയമനങ്ങൾ ആണ് നടന്നത് എന്നും ആയതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് റാങ്ക് ഹോൾഡേഴ്സ് നിരവധി അപേക്ഷകൾ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 304 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"നിലവിൽ അഡ്വൈസ് നൽകിയിട്ടുള്ള തസ്തികകൾ ഉൾപ്പടെ ഓരോ ജില്ലയിലും ഇതുവരെ നടന്നിട്ടുള്ള നിയമനം ഏഴിൽ താഴെ ആണെങ്കിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ

നിന്നും പരമാവധി 7 നിയമനങ്ങൾ നടത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. എക്സൈസ് വകുപ്പിൽ നിലവിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ എല്ലാ ജില്ലകളിലും അഡ്വൈസ് ഉൾപ്പെടെ നടന്ന നിയമനങ്ങൾ സംബന്ധിച്ച് എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഓരോ ജില്ലയിലും പരമാവധി 7 നിയമനങ്ങൾ നടത്തുന്നതിനായി ചുവടെപ്പറയും പ്രകാരം വനിതാ സിവിൽ എക്സൈസ് ഓഫീസറുടെ തസ്തികകൾ സൃഷ്ടിക്കേണ്ടതാണ്

| ക്രമ നം | ജില്ല | ആകെ നിയമനങ്ങൾ | സൃഷ്ടിക്കേണ്ട തസ്തികകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 5 |
| 2 | കൊല്ലം | 1 | 6 |
| 3 | പത്തനംതിട്ട | 0 | 7 |
| 4 | ആലപ്പുഴ | 3 | 4 |
| 5 | കോട്ടയം | 2 | 5 |
| 6 | ഇടുക്കി | 5 | 2 |
| 7 | എറണാകുളം | 4 | 3 |
| 8 | തൃശ്ശൂർ | 3 | 4 |
| 9 | പാലക്കാട് | 2 | 5 |
| 10 | മലപ്പുറം | 3 | 4 |
| 11 | കോഴിക്കോട് | 3 | 4 |
| 12 | വയനാട് | 2 | 5 |
| 13 | കണ്ണൂർ | 0 | 7 |
| 14 | കാസർഗോഡ് | 3 | 4 |
| | ആകെ | **33** | **65** |

6.ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ ഓരോ ജില്ലയിലും പരമാവധി 7 നിയമനങ്ങൾ നടത്തുന്നതിനായി എല്ലാ ജില്ലകളിലുമായി ആകെ **65 വനിതാ സിവിൽ എക്സൈസ് ഓഫീസറുടെ തസ്തികകൾ** സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.എക്സൈസ് വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു.

7. ഇക്കാര്യം, ധനകാര്യവകുപ്പ് മന്ത്രി ഫയൽ കണ്ടതിനു ശേഷം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി. ആയതിൻ പ്രകാരം, മേൽ നിർദ്ദേശമടങ്ങിയ ഫയൽ ബഹു:ധനകാര്യ വകുപ്പ് മന്ത്രി കാണുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഓരോ ജില്ലയിലും പരമാവധി 7 നിയമനങ്ങൾ നടത്തുന്നതിനായി എല്ലാ ജില്ലകളിലുമായി ആകെ 65 വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കാമോ?